**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4498** **01-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ; | (എ) | നിലവിൽ കെ.എസ്.ഇ.ബി.എൽ പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന നടപടികൾ നടത്തുന്നില്ല. എന്നാൽ സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ. ബി.എൽ. വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ. എസ്. ഇ. ബി. എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | ആയി സ്വീകരിക്കു ന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ. പരിശോധിച്ച വരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) | 2011-16-ലെ സർക്കാരിന്റെ അവസാന കാലയളവിൽ 30 സെക്ഷനുകൾക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. മേൽപ്പറഞ്ഞ സെക്ഷനുകളിൽ 19 സെക്ഷൻ ഓഫീസുകൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആണ് പ്രവർത്തനമാരംഭിച്ചത്. അതുകൂടാതെ 2011- ൽ ഭരണാനുമതി ലഭിച്ച പന്തളം - തെക്കേക്കര സെക്ഷൻ ഓഫീസും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആണ് പ്രവർത്തനം ആരംഭിച്ചത്. അങ്ങനെ ആകെ 20 സെക്ഷൻ ഓഫീസുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചത്. |

| | | | |
|---|---|---|---|
| | | | വാടകയില്ലാതെ കെട്ടിടങ്ങൾ ലഭിക്കുന്ന മുറക്കും അല്ലെങ്കിൽ 10 സെന്റ് സ്ഥലം പഞ്ചായത്തുകൾ സൗജന്യമായി കെഎസ്ഇബിഎൽ - ന് നൽകുന്ന മുറയ്ക്കും സെക്ഷൻ ഓഫീസുകൾ തുടങ്ങാനാണ് കെ. എസ്. ഇ. ബി. എൽ -2016 - ൽ ഭരണാനുമതി നൽകിയത്. |
| (സി) | മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിക്കണമെന്ന ദീർഘകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിളിന്റെ പരിധിയിലുള്ള വള്ളുവമ്പ്രം, കീഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിക്കാതെ തന്നെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി മേൽപ്പറഞ്ഞ സെക്ഷനുകളിലെ ഉപഭോക്താക്കളെ അതിർത്തി പങ്കിടുന്ന, ഉപഭോക്താക്കളുടെ എണ്ണം കുറവുള്ളതോ, വിസ്തീർണ്ണം കുറവുള്ളതോ ആയ മറ്റു സെക്ഷനിലേക്ക് മാറ്റുവാനുള്ള സാദ്ധ്യത കെ.എസ്.ഇ.ബി.എൽ നടത്തിവരുന്നു. അതുകൂടാതെ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ. എസ്. ഇ. ബി. എൽ-ൽ നടന്നു വരുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളെ കെ.എസ്.ഇ.ബി.എൽ-ൽ നൽകുന്ന ഓൺ ലൈൻ സർവ്വീസുകൾ സംബന്ധിച്ച് ബോധവൽക്കരണം നൽകിയും ക്യാഷ് കളക്ഷനുവേണ്ടി ഓൺലൈൻ പെയ്മെന്റ് സിസ്റ്റം പ്രോത്സാഹിപ്പിച്ചും കൊണ്ട് ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ച പ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്. ആയതിനാൽ മഞ്ചേരി സർക്കിളിന്റെ പരിധിയിലുള്ള വള്ളുവമ്പ്രം, കീഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ